(എ) സർക്കാർ ജീവനക്കാരുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) സർക്കാർ ജീവനക്കാരെ ഉദ്ദേശിച്ച് സംസ്ഥാനത്ത് എവിടെയെല്ലാമാണ് ഫ്ളാറ്റുകൾ നിർമ്മിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇവയുടെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലിരിക്കുന്നു ;

(ഇ) ഇവയുടെ പണി എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ ;

(എഫ്) ഇടുക്കി, വയനാട് എന്നീ ജില്ല ആസ്ഥാനങ്ങളിൽ ബാച്ചിലേഴ്സ് ഹോസ്റ്റലുകൾ നിർമ്മിക്കുന്ന നടപടി ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ജി) ഫ്ളാറ്റുകൾ നിർമ്മിക്കുന്ന കാര്യത്തിൽ നേരിടുന്ന കാലതാമസം ഒഴിവാക്കുന്നതിനും സമയബന്ധിതമായി പണി പൂർത്തിയാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) സർക്കാർ ജീവനക്കാർക്ക് പാർപ്പിടങ്ങൾ നല്കുന്നതിന് ഹൗസിംഗ് ബോർഡിന് ഒരു വാടകവീട് പദ്ധതിയുണ്ട്. കൂടാതെ പൊതുമരാമത്ത് വകുപ്പ് വിവിധ തുറകളിലുമുള്ള സർക്കാർ ജീവനക്കാർക്കു വേണ്ടി ഫ്ളാറ്റ്/ക്വാർട്ടേഴ്സുകൾ നിർമ്മിക്കുന്നുണ്ട്.

(സി,ഡി&ജി) എറണാകുളം ജില്ലയിൽ പെരുമ്പാവൂർ വാടകവീട് പദ്ധതിയുടെ പണി കഴിഞ്ഞു. പാലക്കാട് ഫ്ളാറ്റുകളുടെ സ്ട്രക്ചർ തീർന്നു. 31-8-2000-ൽ പണി പൂർത്തിയാകും. പൂജപ്പുര വാടകവീട് പദ്ധതിക്ക് അംഗീകാരം നല്കിയിട്ടുണ്ട്. തിരുവനന്തപുരത്ത് ഡി.എം.ഇ. ജീവനക്കാർക്കുള്ള ഫ്ളാറ്റിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു. ഗവൺമെന്റ് ട്രെയിനിംഗ് കോളേജ് ജീവനക്കാരുടെ ഫ്ളാറ്റുകളുടെ പണി പൂർത്തിയായി. എറണാകുളത്ത് ഹൈക്കോടതി ജഡ്ജിമാർക്കുള്ള ഫ്ളാറ്റ് നിർമ്മാണം പൂർത്തിയായി. ഫയർഫോഴ്സ് ജീവനക്കാരുടെ ഫ്ളാറ്റിന്റെ പണി 2000 ആഗസ്റ്റിൽ പൂർത്തിയാകും. മലപ്പുറം എൻ.ജി.ഒ. ഫ്ളാറ്റ്, കൽപ്പറ്റ ഓഫീസേഴ്സ് ക്വാർട്ടേഴ്സ് ഫ്ളാറ്റ്, പാലക്കാട് ഗസറ്റഡ് ഓഫീസേഴ്സ് ക്വാർട്ടേഴ്സ് ഇവയുടെ എസ്റ്റിമേറ്റ് പരിശോധനയിലാണ്. ബഡ്ജറ്റ് വിഹിതം അനുസരിച്ച് എല്ലാ ഫ്ളാറ്റുകളുടെയും നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.

(എഫ്) ഇടുക്കി ജില്ലയിൽ ബാച്ചിലേഴ്സ് ഫ്ളാറ്റിന്റെ നിർമ്മാണം 40% പൂർത്തിയായി. വയനാട് ജില്ലയിലെ ബാച്ചിലേഴ്സ് ഹോസ്റ്റലിന്റെ പണി 23-2-2000-ൽ ടെണ്ടർ ചെയ്തിരിക്കുകയാണ്.

പാറ്റൂർ ഭവന നിർമ്മാണ പദ്ധതി

79 (1329) ശ്രീ. ബി. വിജയകുമാർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൗസിംഗ് ബോർഡിന്റെ തിരുവനന്തപുരത്തുള്ള പാറ്റൂർ ഭവനനിർമ്മാണ പദ്ധതിയിൽ എത്ര മാതൃകയിലുള്ള എത്ര ഫ്ളാറ്റുകൾ വീതമാണ് പണിതിട്ടുള്ളത് ; ഈ പദ്ധതി എന്നത്തേക്ക് താമസയോഗ്യമാകും എന്ന് അറിയിക്കുമോ ;

(ബി) ഈ പദ്ധതിയിൽ വിവിധ മാതൃകയിലുള്ള ഫ്ളാറ്റുകൾ ഓരോന്നിനും ഇപ്പോഴത്തെ താല്കാലിക വില എത്ര തുകവീതമാണ് നിശ്ചയിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇത് സർക്കാർ അംഗീകൃത ഉദ്ദേശിത വിലയിൽ നിന്നും എത്ര കൂടുതലാണ് ;

(ഡി) സർക്കാർ അംഗീകൃത ഉദ്ദേശിത വിലയിൽ നിന്നും താല്ക്കാലിക വില്പന വില വളരെ കൂടുതലാകുന്നതിന് ഉണ്ടായ കാരണങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഹൗസിംഗ് ബോർഡിന്റെ തിരുവനന്തപുരത്തുള്ള ഭവന നിർമ്മാണ പദ്ധതിയിൽ താഴെപ്പറയുന്ന 4 മാതൃകയിലുള്ള ആകെ 198 ഫ്ളാറ്റുകൾ പണിതിട്ടുണ്ട്.

മാതൃക		എണ്ണം
സി.എഫ് 15	–	16
സി.എഫ് 16	–	56
എഫ്.എഫ്16	–	36
എഫ്.എഫ് 17	–	48

ഈ പദ്ധതി 30-6-2000-ൽ താമസയോഗ്യമാകത്തക്കവിധത്തിൽ പണികൾ പുരോഗമിച്ചു വരുന്നു.

(ബി) ഈ പദ്ധതിയിൽ വിവിധ മാതൃകയിലുള്ള ഫ്ളാറ്റുകൾ ഓരോന്നിനും 31-2-2000-ലെ കണക്കനുസരിച്ച് നിശ്ചയിച്ചിട്ടുള്ള താല്ക്കാലിക വില താഴെ പറയുന്നു.

1.	സി.എഫ്	15	–	13,52,930 രൂപ
2.	സി.എഫ് (ബ്ലോക്ക് 3, 5, 6)	16	–	14,13,716 രൂപ
3.	സി.എഫ് (ബ്ലോക്ക് 4)	16	–	12,50,005 രൂപ
4.	എഫ്.എഫ്	16	–	20,49,551 രൂപ
5.	എഫ്.എഫ്	17	–	10,05,043 രൂപ

(സി) പ്രോജക്ട് ഉദ്ദേശിത വിലയും ടി ഫ്ളാറ്റുകളുടെ ഇപ്പോഴത്തെ വിലയും തമ്മിലുള്ള വ്യത്യാസം ചുവടെചേർക്കുന്നു.

മാതൃക		31-1-2000 വില	പ്രോജക്ട് വില	വ്യത്യാസം
1. സി.എഫ്	15	13,52,930	8,34,720	8,16,202
2. സി.എഫ് (ബ്ലോക്ക് 3, 5, 6)	16	14,13,716	5,65,142	8,48,574
3. സി.എഫ് (ബ്ലോക്ക് 4)	16	12,99,005	5,65, 42	7,33,863
4. എഫ്.എഫ്	16	20,49,531	7,76,043	12,72,800
5. എഫ്.എഫ്	17	18,85,043	6,32,730	10,52,313

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സർക്കാർ അംഗീകൃത ഉദ്ദേശിത വിലയിൽ നിന്നും താല്കാലിക വില്പന വില കൂടുതലാകുന്നതിന് ഉണ്ടായ കാരണങ്ങൾ താഴെ പറയും പ്രകാരമാണ് :

പാറ്റൂർ ഭവനനിർമ്മാണപദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് സർക്കാർ അംഗീകരിച്ചത് 1994-ലും പദ്ധതിയുടെ നിർമ്മാണം പൂർത്തിയാകുന്നത് 2000-ലുമാണ്. പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയ സമയത്തുള്ള നിർമ്മാണച്ചെലവും ഭൂമിയുടെ വിലയും നിർമ്മാണഘട്ട (2 വർഷം)ത്തിലേയ്ക്കുള്ള പലിശയും ഉൾപ്പെടുത്തിയാണ് അന്ന് വില നിശ്ചയിച്ചിരുന്നത്. പ്രോജക്ട് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്ന ടെണ്ടർ പ്രീമിയം, വില വർദ്ധന എന്നിവയേക്കാൾ 10% കൂടിയ ടെണ്ടർ വർദ്ധനയും നിർമ്മാണചെലവിൽമേലുള്ള പലിശയും ഭൂമിയുടെ വിലയ്ക്ക് എൽ.എ.ആർ. കേസ് നടത്തി വകയിൽ നഷ്ടപരിഹാരമായി വലിയൊരു തുക നല്കേണ്ടിവരും. കൂടാതെ ഫ്ളാറ്റുകൾക്ക് ഫയർ ഫൈറ്റിംഗ് സംവിധാനം ഡീസൽ, ജനറേറ്റർ സംവിധാനം എന്നിവ ഏർപ്പെടുത്തിയതും ഫ്ളാറ്റുകളുടെ വില്പന വില കൂടുന്നതിനു കാരണമായി ഫ്ളാറ്റുകളുടെ വില പുതുക്കി നിശ്ചയിക്കുന്നതിനുള്ള പ്രൊപ്പോസൽ ബോർഡിന്റെ പരിഗണനയിലാണ്.

ഹൗസിംഗ് ബോർഡിലെ ശ്രീ. കെ. ജയപ്രകാശിനെതിരെ നടപടി

80 (1330) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഹൗസിംഗ് ബോർഡിലെ ആക്കുളം പ്രോജക്റ്റ് ഡിവിഷൻ നമ്പർ മൂന്നിന്റെ എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ.ജെ. പ്രകാശിനെ നിലവിലുള്ള തസ്തികയിൽ തുടരാൻ നിർദ്ദേശിച്ചുണ്ടായ ഹൈക്കോടതി ഉത്തരവ് നടപ്പിലാക്കിയോ ;

(ബി) ആക്കുളം പ്രോജക്റ്റ് ഡിവിഷൻ മൂന്ന് എന്ന സെക്ഷൻ ഹൗസിംഗ് ബോർഡ് നിർത്തലാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഉത്തരവ് പുറപ്പെടുവിച്ച തീയതി വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഹൈക്കോടതി ഉത്തരവ് ബോർഡ് നടപ്പിലാക്കിയിട്ടുണ്ട്.

(ബി&സി) പ്രോജക്ടിനുവേണ്ടി സ്ഥലം ഗവൺമെന്റിൽ നിന്നും ടെണ്ടർ ചെയ്തു കിട്ടാത്ത സാഹചര്യത്തിൽ പ്രത്യേക പ്രോജക്ട് ഡിവിഷൻ തല്ക്കാലം നിർത്തിവെച്ച് ജനുവരി 18-ാം തീയതി ഉത്തരവ് പുറപ്പെടുവിച്ചു എങ്കിലും 6-1-2000-ലെ കോടതി ഉത്തരവ് ബോർഡിൽ ലഭിച്ച ഉടൻ ടി ഉത്തരവ് തല്ക്കാലത്തേക്ക് തടഞ്ഞുവെച്ചുകൊണ്ട് ജനുവരി 29-ാം തീയതി ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

"സബ്രജിസ്ട്രാർ ഓഫീസുകൾ കംപ്യൂട്ടർവൽക്കരിക്കാനുള്ള നടപടി"

81 (1331) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. എം. മാണി :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. മാമ്മൻ മത്തായി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly